ക്ലാസ്സ്
6

# മതബോധനകേന്ദ്രം
## മാനന്തവാടി രൂപത
First Semester Examination 2025-26

| ആകെ മാർക്ക് : 80 |
|---|
| പാർട്ട് 1 : 60 |
| പാർട്ട് 2 : 20 |
| സമയം : 2 മണിക്കൂർ |

പേര്, വീട്ടുപേര് :

### പാർട്ട് 1

**ഉത്തരമെഴുതുക.** 5×1=5

1. "അന്ധകാരത്തിൽ സ്ഥിതി ചെയ്തിരുന്ന ജനങ്ങൾ വലിയ പ്രകാശം കണ്ടു" എന്ന ഏശയ്യാ പ്രവാചകന്റെ വാക്കുകൾ ഈശോയിൽ നിറവേറിയതായി സാക്ഷ്യപ്പെടുത്തിയ ശ്ലീഹ.

2. "ദൈവരാജ്യമെന്നാൽ ഭക്ഷണവും പാനീയവുമല്ല; പ്രസ്തുത നീതിയും സമാധാനവും പരിശുദ്ധാത്മാവിലുള്ള സന്തോഷവുമാണ് " എന്ന് പഠിപ്പിച്ച ശ്ലീഹ.

3. "ഇതാ ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട്." ഈശോയെക്കുറിച്ച് ആരാണ് ഇത് പറഞ്ഞത്?

4. "നിങ്ങളുടെ ശത്രുവായ പിശാച് അലറുന്ന സിംഹത്തെപ്പോലെ ആരെ വിഴുങ്ങണമെന്ന് അന്വേഷിച്ചു കൊണ്ട് ചുറ്റി നടക്കുന്നു" എന്ന് നമ്മെ ഓർമ്മിപ്പിക്കുന്ന ശ്ലീഹ.

5. ഈശോയുടെ പീഢാനുഭവ പ്രവചനം ഉപമയിലൂടെ അവതരിപ്പിച്ച ശ്ലീഹ.

**ശരിയായ ഉത്തരം (✓) ചെയ്യുക.** 5×1=5

6. എന്നാണ് ദനഹാത്തിരുനാൾ ആഘോഷിക്കുന്നത്?

| | | | | | |
|---|---|---|---|---|---|
| | ഡിസംബർ 25 | | ജനുവരി 6 | | ജനുവരി 19 |

7. 'മിശിഹ' എന്ന വാക്കിന്റെ അർത്ഥം.

| | | | | | |
|---|---|---|---|---|---|
| | അഭിഷേകം ചെയ്യപ്പെട്ടവൻ | | സൂര്യോദയം | | പ്രത്യക്ഷീകരണം |

8. 'ഉപവാസം' എന്ന വാക്കിന്റെ അർത്ഥം.

| | | | | | |
|---|---|---|---|---|---|
| | കൂടെ വസിക്കൽ | | വിഭൂതി | | പേത്തൂർത്ത |

9. ഭൗതികതയിലും സമ്പത്തിലും ആശ്രയിക്കാതെ ദൈവത്തിന്റെ കരുണയിലും പരിപാലനയിലും ആശ്രയിക്കുന്നവരാണ്?

| | | | | | |
|---|---|---|---|---|---|
| | അടിച്ചമർത്തപ്പെട്ടവർ | | ബന്ധിതർ | | ആത്മാവിൽ ദരിദ്രർ |

10. ഈശോ തന്റെ മരണത്തെക്കുറിച്ച് എത്ര പ്രാവശ്യം പ്രവചിച്ചിരുന്നു?

| | | | | | |
|---|---|---|---|---|---|
| | 2 തവണ | | 3 തവണ | | 4 തവണ |

11. **'ബി' കോളത്തിന് അനുയോജ്യമായ ഉത്തരങ്ങൾ ബ്രായ്ക്കറ്റിൽ നിന്ന് തിരഞ്ഞെടുത്ത് 'എ' കോളത്തിലും 'സി' കോളത്തിലും എഴുതുക.** 6×1=6

**(പരിശുദ്ധ ത്രിത്വം, ഈശോയുടെ ജനനം, സ്നാപകയോഹന്നാന്റെ ജനനം, ഈശോയുടെ നാമകരണം, മനുഷ്യസൃഷ്ടി, പരസ്യജീവിതം)**

| എ | ബി | സി |
|---|---|---|
| | മംഗളവാർത്തക്കാലം | |
| | പിറവിക്കാലം | |
| | ദനഹ | |

12. ഈശോ പ്രവർത്തിച്ച അത്ഭുതം ഏതെന്നെഴുതുക. 2×1=2

| “എഴുന്നേറ്റ് കിടക്കയുമെടുത്ത് നടക്കുക” | “അവൻ നിങ്ങളോട് പറയുന്നത് ചെയ്യുവിൻ” |
|---|---|
| | |

**ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.** 7×2=14

13. ഗദ്സേമനിലെ ഈശോയുടെ പ്രാർത്ഥന എന്തായിരുന്നു?

14. പീലാത്തോസിന്റെ മുൻപിൽ നിർത്തപ്പെട്ട ഈശോയ്ക്കെതിരെ ആരോപിച്ച രണ്ട് ആരോപണങ്ങൾ എഴുതുക.

15. ദുഃഖവെള്ളി ആചരണത്തിന്റെ ഭാഗമായി നടത്തപ്പെടുന്ന രണ്ട് അനുഷ്ഠാനങ്ങൾ എഴുതുക.

16. അന്ത്യദിനത്തിലെ പുനരുത്ഥാനത്തെക്കുറിച്ച് ഈശോ മർത്തായോട് പറഞ്ഞ വചനം പൂർത്തിയാക്കുക.

“ഞാനാണ് പുനരുത്ഥാനവും ജീവനും ..............................................................................................................................

......................................................................................................................................................................................

..................................................................................................................................................... ഒരിക്കലും മരിക്കുകയില്ല.”

17. ഈശോ കടലിനെ ശാന്തമാക്കിയപ്പോൾ ശിഷ്യന്മാർ അതിനോട് പ്രതികരിച്ചതെങ്ങനെ?

18. നോമ്പുകാലം നമ്മോട് ആഹ്വാനം ചെയ്യുന്നതെന്ത്?

19. ഈശോയുടെ മരണം കണ്ട് കുരിശിൻ ചുവട്ടിൽ നിന്നിരുന്ന ശതാധിപൻ എന്താണ് പറഞ്ഞത്?

**20 മുതൽ 23 വരെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.** **4×4=16**

20. രക്ഷകന്റെ വരവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ പൂർത്തിയാക്കുക.

| | |
|---|---|
| മോശ<br>നിയമാവർത്തനം 18:8 | അവരുടെ സഹോദരന്മാരുടെ ഇടയിൽനിന്ന് ..............................................................<br>..............................................................................................................<br>.............................................................................................................. |
| ബാലാം<br>സംഖ്യ 24:17 | യാക്കോബിൽ നിന്നൊരു ..............................................................................<br>..............................................................................................................<br>.............................................................................................................. |

21. ഈശോയുടെ മാമ്മോദീസാവേളയിൽ ത്രിത്വരഹസ്യം വെളിവാക്കപ്പെട്ടതെങ്ങനെ?

22. "സാത്താനേ ദൂരെപ്പോകുക, എന്തെന്നാൽ നിന്റെ ദൈവമായ കർത്താവിനെ ആരാധിക്കണം. അവിടുത്തെ മാത്രമേ പൂജിക്കാവൂ എന്ന് എഴുതപ്പെട്ടിരിക്കുന്നു." ഈശോയ്ക്കുണ്ടായ പ്രലോഭനങ്ങൾ എഴുതി അവയുടെ മേഖലകളും സൂചിപ്പിക്കുക.

23. ഏശയ്യാ പ്രവാചകൻ സഹനദാസനെക്കുറിച്ച് നൽകുന്ന കാര്യങ്ങൾ എഴുതുക.

**ഒരു ഖണ്ഡികയിൽ ഉത്തരമെഴുതുക.** 1×5=5

24. കർത്താവിന് സ്വീകാര്യമായ വത്സരം എങ്ങനെയുള്ളതാണ്. വിശദമാക്കുക.

**വിശദീകരിച്ച് ഉത്തരമെഴുതുക.** 1×7=7

25. "ഇവളുടെ നിരവധിയായ പാപങ്ങൾ ക്ഷമിക്കപ്പെട്ടിരിക്കുന്നു. എന്തെന്നാൽ ഇവൾ അധികം സ്നേഹിച്ചു. ആരോട് അല്പം ക്ഷമിക്കപ്പെടുന്നുവോ അവൻ അല്പം സ്നേഹിക്കുന്നു." പാപിനിക്ക് മോചനം നൽകുന്ന സമയത്ത് നടന്ന സംഭാഷണങ്ങൾ എഴുതുക.

## പാർട്ട് 2

**ശരിയായ ഉത്തരം ബ്രായ്ക്കറ്റിൽ നിന്ന് തിരഞ്ഞെടുത്തെഴുതുക.** **4×1=4**

*(വി. മോനിക്ക, വി. ജോൺ ബർക്കുമാൻസ്, വി. എഫ്രേം, വി. കൊച്ചുത്രേസ്യ)*

1. പരിശുദ്ധാത്മാവിന്റെ വീണ എന്നറിയപ്പെടുന്ന വിശുദ്ധൻ?
2. അൾത്താര ബാലന്മാരുടെ മദ്ധ്യസ്ഥൻ?
3. അമ്മമാരുടെ മദ്ധ്യസ്ഥ?
4. ആഗോളമിഷൻ മദ്ധ്യസ്ഥ?

**വി. മദർ തെരേസ നൽകിയ മറുപടി എഴുതുക.** **2×2=4**

5. "ഭാരത രത്ന മെഡൽ നിങ്ങൾ എന്തു ചെയ്യും" എന്ന പത്രപ്രവർത്തകന്റെ ചോദ്യത്തിന് നൽകിയ മറുപടി യെന്ത്?

6. ഗാസയിൽ ചെന്ന മദർ തെരേസയോട് ചെക്ക്പോസ്റ്റിൽ വെച്ച് "കൈയിൽ ആയുധങ്ങൾ വല്ലതും ഉണ്ടോ" എന്ന ചോദ്യത്തിന് കൊടുത്ത മറുപടിയെന്ത്?

7. മനസ്താപ പ്രകരണം എഴുതുക. **4**

8. “എത്ര പണം കൊടുത്താലും കിട്ടാത്ത ചില കാര്യങ്ങളുണ്ട്. അവയിലൊന്നാണ് വിശ്വസ്തതയുള്ള ഹൃദയം.” വി. മാർട്ടിൻ ഡി പോറസിന്റെ ജീവിതത്തിൽ പ്രിയോരച്ചൻ ഇങ്ങനെ പറയാനുന്നതിന് ഇടയാക്കിയ സന്ദർഭം എഴുതുക. 4

9. തങ്ങളിൽ ആരാണ് വലിയൻ എന്ന് തർക്കിച്ചുകൊണ്ടിരുന്ന ശിഷ്യന്മാരോട് യേശു എന്താണ് പറഞ്ഞത്? 4